# കേരള വാട്ടർ അതോറിറ്റി

## ജല ജീവൻ മിഷൻ പദ്ധതി -ഇരട്ടയാർ ഗ്രാമ പഞ്ചായത്ത് എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ കൊടുക്കുന്ന പ്രവർത്തികളുടെ രണ്ടാംഘട്ടം-പ്രവർത്തനോദ്ഘാടനം
## തീയതി -11/03/2023. ശനിയാഴ്ച്ച

## പദ്ധതി ചുരുക്കം

**2024-ആം** ആണ്ടോടുകൂടി ഭാരതത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ളമെത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ.

ഈ പദ്ധതി പ്രകാരം ഇരട്ടയാർ ഗ്രാമ പഞ്ചായത്തിലെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് **284.95** ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ഇതനുസരിച്ച് പഞ്ചായത്തിലെ നിലവിലുള്ള സ്കീമിൽ നിന്നും **1671** കുടിവെള്ള കണക്ഷനുകൾ നല്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളാണ് ഇപ്പോൾ ഇവിടെ ഉദ്ഘാടനം ചെയ്യാൻ പോകുന്നത്. **5831.57** ലക്ഷം രൂപയുടെ ഭരണാനുമതിയാണ് **അഞ്ചാം SLSSC** പ്രകാരം രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളത്.

ഈ പദ്ധതി പ്രകാരം ഇരട്ടയാർ ഡാമിൽ സ്ഥാപിച്ചിട്ടുള്ള കിണർ പുനരുദ്ധികരിച്ച് പുതിയ പമ്പ് സെറ്റുകൾ സ്ഥാപിക്കുകയും ഇവിടെ നിന്നും വെള്ളം പമ്പ് ചെയ്ത് പുതിയതായി സ്ഥാപിക്കുന്ന **5 MLD** ശേഷിയുള്ള ശുദ്ധീകരണ ശാലയിൽ എത്തിക്കുന്നു. ഇവിടെ നിന്നും ശുദ്ധീകരിക്കുന്ന വെള്ളം **അടയാളക്കല്ല് (1.3LL), കുരിശുമൂട്ടിൽപടി (0.25LL), ചിറക്കൽപടി (വാഴവര-1.4LL), നാങ്കുതൊട്ടി (1LL), ഹീറോപടി (2.66LL)** എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന ടാങ്കുകളിൽ വെള്ളമെത്തിച്ച് **5** പ്രധാന സോണുകളായി തിരിച്ച് ജലവിതരണം നടത്തുന്നതിനാണ് പദ്ധതി ക്രമികരിച്ചിരിക്കുന്നത്. ഈ ടാങ്കുകളിൽ നിന്നും പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ വിതരണ ശൃംഖല സ്ഥാപിച്ച് **5645** ഭവനങ്ങളിൽ കുടിവെള്ള കണക്ഷൻ നല്കി ജല വിതരണം സാധ്യമാക്കുന്നു.

രണ്ടാം ഘട്ട പ്രവർത്തനങ്ങളിലെ ആദ്യ പ്രവർത്തിയായ വിതരണ ശൃംഖല സ്ഥാപിച്ച് കുടിവെള്ള കണക്ഷൻ കൊടുക്കുന്ന പ്രവർത്തികൾ **2024 ഫെബ്രുവരി 15** ഓടെ പൂർത്തികരിക്കാനാണ് കരാർ നല്കിയിരിക്കുന്നത്. രണ്ടാംഘട്ട പ്രവർത്തനങ്ങളിലെ മറ്റ് പ്രവർത്തികളായ സംഭരണ ടാങ്കുകളുടെ നിർമ്മാണം, **5 MLD** ശേഷിയുള്ള ശുദ്ധികരണശാലയുടെ നിർമ്മാണം എന്നിവയുടെ ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു. പ്രസ്തുത പദ്ധതികൾ **2024 മാർച്ചോടുകൂടി** പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി പൂർത്തിയാക്കുമ്പോൾ ഇരട്ടയാർ

പഞ്ചായത്തിലെ മുഴുവൻ ഗ്രാമീണ ഭവനങ്ങൾക്കും **100% കുടിവെള്ളം** എന്ന ലക്ഷ്യം കൈവരിക്കുന്നതാണ്.

**<u>പദ്ധതിയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു</u>**

1) നിലവിലെ ഇരട്ടയാർ ഡാമിൽ സ്ഥാപിച്ചിരിക്കുന്ന സോർസ് പമ്പ് ഹൌസിന്റെ നവീകരണവും പുതിയ പമ്പ് സെറ്റുകളുടെയും ,പമ്പിങ് ലൈനുകളുടെയും സ്ഥാപിക്കൽ
2) നിലവിൽ ഇരട്ടയാർ KSEB ഓഫീസിന്റെ അടുത്തുള്ള പഴയ ശുദ്ധീകരണ ശാലയ്ക്ക് പകരമായി അവിടെ തന്നെ പുതിയ 5 MLD conventional type ശുദ്ധീകരണ ശാലയുടെ നിർമ്മാണം.
3) വാഴവര -വാഴവര)1.4LL), നാങ്കുതൊട്ടി )1LL), , അടയാളക്കല്ല് )1.3LL), തുടങ്ങിയ പ്രദേശത്തുള്ള ടാങ്കുകളുടെ ശേഷി വർദ്ധിപ്പിക്കൽ.
4) കുരിശുമൂട്ടിൽപടി മുകൾ ഭാഗം)0.25LL), ഹീറോപടി ഭാഗത്ത് )2.66LL), പുതിയ ടാങ്കുകൾ സ്ഥാപിക്കൽ
5) ഹീറോപടിയിൽ പുതിയ പമ്പ് ഹൌസ് നിർമ്മിക്കൽ.
6) ശുദ്ധീകരണശാലയിൽ നിന്നും എല്ലാ ബൂസ്റ്റിങ് പമ്പ് ഹൌസിലേക്കും വിതരണ ടാങ്കിലേക്കും പുതിയ പമ്പ് സെറ്റ് സ്ഥാപിക്കൽ.
7) 7 സോണുകളായി തിരിച്ച് ഇരട്ടയാറിന്റെ വിവിധ ഭാഗത്തേക്ക് സ്ഥാപിക്കുന്ന വിതരണ ലൈനുകൾ (139 KM)
8) പുതിയ കുടിവെള്ള കണക്ഷനുകൾ -5645 No’s
9) പഴയ ലൈനുകളിലെ കണക്ഷനുകൾ മാറ്റുന്നതും വെള്ളം കിട്ടാത്ത കണക്ഷനുകൾ മാറ്റി നല്കുന്നതുമായ പ്രവർത്തികൾ -2807 No’s

**<u>സോണുകളും വിതരണ പ്രദേശങ്ങളും</u>**

**<u>സോൺ-1 (കുരിശുമൂട്ടിൽപടി)</u>**

എഴുകുംവയൽ, തോമാക്കവല ജംഗ്ഷൻ, ഇരട്ടയാർ ടൗൺ, ഇരട്ടയാർ പാലം - വലിയതോവാള റോഡ്, കാറ്റാടിക്കവല, ഉറുമ്പോലിപ്പടി, അന്നക്കുന്നുമെട്, ഇരട്ടയാർ ഡാം തീരം വലിയതോവാള മുതൽ ഇരട്ടയാർ ടൗൺ വരെ

**<u>സോൺ-2 (ഹീറോപടി)</u>**

മാക്കപ്പടി, ഇരട്ടയാർ ഇടിഞ്ഞമല റോഡ്, ഇടിഞ്ഞമല ഇടുക്കി റോഡ്, ഇടിഞ്ഞമല ശാന്തിഗ്രാം റോഡ്, ശാന്തിഗ്രാം ഇരട്ടയാർ ടൗൺ റോഡ്, ഇരട്ടയാർ ഡാം പ്രദേശം, ശാന്തിഗ്രാം പ്ലേ സ്കൂൾ റോഡ്, ശാന്തിഗ്രാം നാലുമുക്ക് റോഡ്

**<u>സോൺ - 3 (ഇരട്ടയാർ നോർത്ത്)</u>**

KSEB ഓഫീസ് ശാന്തിഗ്രാം റോഡ്, ഇരട്ടയാർ നോർത്ത്, ഈട്ടിത്തോപ്പ് റോഡ്, ഈട്ടിത്തോപ്പ് - മേലേചിന്നാർ റോഡ്, വെട്ടിക്കാമറ്റം, ഇരട്ടയാർ നോർത്ത് - ഉറുമ്പോലിപ്പടി റോഡ്, ഇരട്ടയാർ നോർത്ത് - ഇരട്ടയാർ ടൗൺ

**<u>സോൺ - 4 (അടയാളക്കല്ല്)</u>**

അടയാളക്കല്ല് അമ്പലം ഭാഗം, കൊച്ചുകാമാക്ഷി, മാണിക്കട ഇടിഞ്ഞമല, st.അൽഫോൻസ ചർച്ച് ഇടുക്കി റോഡ്, കാഞ്ഞമല, ഹീറോപടി ടോപ്പ്, അന്തോപ്പിക്കവല

**<u>സോൺ - 5 (നാങ്കുത്തൊട്ടി)</u>**

നാങ്കുത്തൊട്ടി ജംഗ്ഷൻ, നാലുമുക്ക് റോഡ്, നാലുമുക്ക് ഇടുക്കി PWD റോഡ്, മണിമലക്കട, ഇരട്ടയാർ ടണൽ സൈറ്റ്, നെല്ലിപ്പാറ, തുളസിപ്പാറ, ഇരട്ടയാർ ടണൽ സൈറ്റ് - ടൗൺ റോഡ്, ഇരട്ടയാർ ഇന്ത്യൻ ഓയിൽ പമ്പ് - നത്തുകല്ല് റോഡ്, ഉപ്പുകണ്ടം

**<u>സോൺ - 6 (തെന്നാലിസിറ്റി)</u>**

കൊച്ചുകാമാക്ഷി, ചെമ്പകപ്പാറ, പള്ളിക്കാനം, കുപ്പച്ചാംപടി, തേക്കുംകാനം, ഞാറക്കവല, കരടിയളള്  ജംഗ്ഷൻ

**<u>സോൺ - 7 (വാഴവര)</u>**

വാഴവര - നാങ്കുത്തൊട്ടി റോഡ്, നത്തുകല്ല്, ഉപ്പുകണ്ടം, നത്തുകല്ല് - വാഴവര റോഡ്, വാഴവര - നെല്ലിപ്പാറ റോഡ്, പരപ്പനങ്ങാടി